(സി) ഈ പദ്ധതിയുടെ നിർമ്മാണത്തിനായി എന്ത് നടപടികളാണ് നാളിതു വരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005-2006-ലെ ബഡ്ജറ്റിൽ 1,99,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ചെക്ക്ഡാം നിർമ്മിക്കുന്നതിന് വിശദമായ പരിവേഷണം നടത്തുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാഡയുടെ പ്രവർത്തനം

135 [1074] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലസേചന പദ്ധതികളാണ് കാഡയുടെ കീഴിലുള്ളത്;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികളിൽ കാഡയുടെ പ്രവർത്തനം അവസാനിപ്പിച്ചിരിക്കുന്നു എന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ.

(സി) കാഡ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പമ്പ, പെരിയാർവാലി, കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ നാലു പദ്ധതികളാണ് ഇപ്പോൾ കാഡായുടെ കീഴിലുള്ളത്.

(ബി) ആകെ 16 ജലസേചന പദ്ധതികൾ കാഡായുടെ കീഴിൽ ഉണ്ടായിരുന്നതിൽ മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, പറ്റൂർപ്പുഴ, കുറ്റ്യാടി, ചീരക്കുഴി, വാഴാനി, പീച്ചി, നെയ്യാർ, ചാലക്കുടി എന്നീ 12 പദ്ധതികളിൽ കേന്ദ്ര സഹായം നിർത്തലാക്കിയ സാഹചര്യത്തിൽ കാഡാ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിരിക്കയാണ്.

(സി) പുതിയ പ്രോജക്ടുകളായ കല്ലട, മൂവാറ്റുപുഴ എന്നീ പദ്ധതികളെകൂടി കാഡായിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കല്ലട ജലസേചന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. നിർത്തലാക്കിയ പദ്ധതികളിൽ സി. എ. ഡി. ഡബ്ല്യു. എം. പ്രോഗ്രാമിന്റെ പുതിയ കംപോണന്റുകൾ അനുവദിച്ചു തരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കാഡാ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന നാലുപദ്ധതികളിൽ പുതിയ കംപോണന്റുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചു കിട്ടുന്ന മുറയ്ക്ക് അവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly